# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.51/PR/PIC/PHQ/17                                                                Date : 16.03.2017

---

**മൗലികവാദ പ്രവണതകൾ തടയുന്നതിൽ ജനമൈത്രി സംവിധാനത്തിന് വലിയ പങ്ക്- മുഖ്യമന്ത്രി പിണറായി വിജയൻ**

മൗലിവകാദ പ്രവണതകളും വിധ്വംസക പ്രവർത്തനങ്ങളും തടയുന്നതിൽ ജനമൈത്രി പദ്ധതി പോലുള്ള കമ്യൂണിറ്റി പോലീസിങ് സംവിധാനങ്ങൾക്ക് വലിയ പങ്കു വഹിക്കാൻ കഴിയുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കമ്യൂണിറ്റി പോലീസിങ് സംവിധാനത്തിന്റെ പുതുവഴികൾ ചർച്ച ചെയ്യുന്നതിനായി കേരള പോലീസ് സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സമ്മേളനം കോവളത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിൽ മൗലികവാദ പ്രവണതകളും സാമുദായിക ധ്രുവീകരണവും വർധിച്ചുവരികയാണ്. വർഗീയ വിഭാഗങ്ങളും നിക്ഷിപ്തതാല്പര്യക്കാരും പോലീസിനും സമൂഹത്തിനും വലിയ വെല്ലുവിളി സൃഷ്ടിക്കുന്നു. സോഷ്യൽ മീഡിയയുടെ വർധിച്ച പ്രചാരം വലിയ തോതിൽ ജനങ്ങളിലെത്തിച്ചേരാൻ ഇവരെ സഹായിക്കുന്നു. ഇത്തരം വിധ്വംസക ശക്തികളിൽ നിന്നും നമ്മുടെ ജനതയെ സംരക്ഷിക്കുന്നതിന് സാമൂഹികമായ ബോധവത്കരണം ശക്തമാക്കേണ്ടതുണ്ട്. വിധ്വംസക ചിന്തകൾ തടയുന്നതിനുള്ള ശ്രമങ്ങൾക്കൊപ്പം അഴിമതി ചെറുക്കുന്നതിനും എല്ലാവർക്കും തുല്യ പരിഗണന ലഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നീതി ഉറപ്പാക്കുന്നതിനുള്ള നടപടികളും മതേതരത്വം സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകളും മൗലികവാദ പ്രവണതകളെ ചെറുക്കുന്നതിനായി ജനമൈത്രി പോലീസ് പ്രവർത്തനങ്ങളുടെ ഭാഗമാവണം. ഇക്കാര്യത്തിൽ ജനമൈത്രി പദ്ധതിയുടെ ബീറ്റ് ഓഫീസർമാർക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. മതേതര സമീപനം പുലർത്താനും അപകടകരമായ പ്രവണതകൾ തിരിച്ചറിയാനും പോലീസ് ഉദ്യോഗസ്ഥർ ജാഗ്രതയോടെ പ്രവർത്തിക്കണം. തെറ്റായ പ്രവണതകൾക്കെതിരെ സത്വരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർ തയ്യാറാവണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. നിയമത്തിലുള്ള അജ്ഞത കാരണം നിയമവ്യവസ്ഥയുമായുള്ള സംഘർഷത്തിലാകുന്നവരും നിയമവിരുദ്ധമായ കാര്യങ്ങളിൽ ഏർപ്പെടുന്നവരുമുണ്ട്. അതിനാൽ നിയമബോധവത്കരണം കൂടുതലുണ്ടാവേണ്ടതുണ്ട്. ഇതും ജനമൈത്രി പ്രവർത്തനങ്ങളുടെ ഭാഗമാകണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

അന്തർദ്ദേശീയ അംഗീകാരങ്ങൾ വരെ ലഭിച്ച മാതൃകാ പദ്ധതി എന്ന നിലയിൽ എല്ലാ സ്റ്റേഷനുകളിലും ജനമൈത്രി പദ്ധതി ഇപ്പോൾ വ്യാപിപ്പിച്ചിരിക്കുകയാണ്. ജനങ്ങളുമായി ഒത്തുചേർന്നുള്ള പ്രവർത്തനത്തിലൂടെ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ ജനമൈത്രി പദ്ധതിക്ക് കഴിയണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

എം. വിൻസന്റ് എം.എൽ.എ. അധ്യക്ഷത വഹിച്ചു. ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നളിനി നെറ്റോ, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. രാജൻ ഗുരുക്കൾ, കോൺഫ്ളിക്ട് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ അജയ് സാഹ്നി, പത്രപ്രവർത്തകനായ പ്രവീൺ സ്വാമി എന്നിവർ സംസാരിച്ചു. എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ സ്വാഗതവും തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാം നന്ദിയും പറഞ്ഞു.

'മൗലികവാദ-തീവ്രവാദ നിലപാടുകൾ വ്യാപിക്കുന്നത് തടയുന്നതിൽ കമ്യൂണിറ്റി പോലീസിങ്ങിന്റെ പങ്ക്' എന്നതാണ് ഇത്തവണത്തെ സമ്മേളനത്തിന്റെ മുഖ്യവിഷയം. ഇതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് വിവിധ സെഷനുകളിൽ ചർച്ച നടന്നു.

സമാപന ദിവസമായ നാളെ (17-03-2017) വൈകിട്ട് മൂന്നിന് സമാപന സമ്മേളനം നിയമസഭ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ആറ്റിങ്ങൽ എം.പി. എ.സമ്പത്ത് അധ്യക്ഷത വഹിക്കും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ സ്വാഗതവും ദക്ഷിണ മേഖല എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ നന്ദിയും പറയും.

***********